Reg No:.................. K24FY1471(C)
Name :...................

# First Semester FYUGP Malayalam Examination November 2024 (2024 Admission onwards)
# KU1DSCMAL103 (INDIAN ITHARA BHASHASAHITHYA PARICHAYAM)

(EXAM DATE : 06-12-2024)

Time : 90 min Maximum Marks : 50

## Part A (Answer any 6 questions. Each carries 2 marks)

1. ഗ്രീസിലെ, 'കന്യാശുല്കം' എന്നറിയപ്പെടുന്ന ആചാരം സ്ത്രീധനം എന്ന സാമൂഹ്യതിന്മയിൽ നിന്നും വ്യത്യസ്തമാകുന്നത് എങ്ങനെ ?
ഇലിയഡിലെ പരാമർശത്തെ അടിസ്ഥാനമാക്കി കുറിപ്പെഴുതുക. 2

2. "ഇത് അഴുക്കടിഞ്ഞ ഒരു തോട്ടിലെ ഒഴുക്കുപോലെ നിശബ്ദഗതിയിൽ മുന്നോട്ട് പോവുകയാണ്" അമ്മ എന്ന നോവലിൽ അവതരിപ്പിക്കുന്ന, പ്രായമായവരും ചെറുപ്പക്കാരും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവമെന്താണ്? 2

3. അവസാനത്തെ ഇല എന്ന കഥയിൽ ജോൺസിയിലേക്ക് ജീവിതാശ തിരിച്ചെത്തിയെന്നതിന്റെ ഉദാഹരണമായി നല്കാവുന്ന സന്ദർഭമേത്? 2

4. പഞ്ഞത്തിൽ നിന്നു രക്ഷനേടാൻ ദരിദ്രൻ സ്വീകരിച്ച ഉപായമെന്ത്? 2

5. " ഇത് മനുഷ്യസഹജമായ ഒരനുഭൂതിയല്ല, അവൾ വിചാരിച്ചു.
• ദിവ്യമായ ഒന്ന് അല്ലെങ്കിൽ പൈശാചികം. "
• കവിയുടെ കല്ലറ എന്ന കവിതയിലെ കാമുകി ഇങ്ങനെ കരുതാൻ കാരണമെന്ത്? വിശദമാക്കുക. 2

6. "അതവൾക്കു സന്തോഷമാണ്: എന്നാലും എന്തിന്റെയോ കുറവ് അനുഭവപ്പെടാറുണ്ട്. "
(കവിയുടെ കല്ലറ ) വിശദീകരിക്കുക. 2

7. "എനിക്ക് ജോഹന്റെ ഉപദേശം സ്വീകരിക്കാതിരുന്നത് തെറ്റായെന്നു തോന്നി. "
ഡ്രാക്കുളയുടെ അതിഥി എന്ന കഥയിൽ ആഖ്യാതാവിനെ ഈ പശ്ചാത്താപത്തിലേക്ക് നയിച്ച സാഹചര്യമെന്താണ്? 2

8. ഡ്രാക്കുളയുടെ ടെലഗ്രാം സന്ദേശത്തിന്റെ ഉള്ളടക്കമെന്തായിരുന്നു ? 2

## Part B (Answer any 4 questions. Each carries 6 marks)

9. 'അവർക്ക് ജീവിതം മുന്തിരിച്ചാറു പോലെ മധുരതരമായിരുന്നു'.
ഈനോണും പാരീസും തമ്മിലുള്ള പ്രണയ രംഗങ്ങളുടെ വർണ്ണന ഇലിയഡിലെ കാവ്യാത്മക ഭാഷയുടെ സൗന്ദര്യം വെളിപ്പെടുത്തുന്നതാണ്. -
വിശകലനം ചെയ്യുക. 6

10. റഷ്യയിലെ തൊഴിലാളിവർഗ്ഗജീവിതം അമ്മ എന്ന നോവലിൽ സൂക്ഷ്മമായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവന വിലയിരുത്തുക. 6

11. ബർമാൻ എന്ന കഥാപാത്രത്തിന്റെ ചിത്രീകരണത്തിൽ ഒ ഹെൻറി അസാമാന്യമായ കയ്യടക്കം സൂക്ഷിച്ചിട്ടുണ്ട് - പരിശോധിക്കുക. 6



12. മനുഷ്യബന്ധങ്ങളിലെ സങ്കീർണ്ണവും വൈവിധ്യമാർന്നതുമായ പരിണാമങ്ങളാണ് സത്യസന്ധനായ കള്ളൻ എന്ന കഥയുടെ പരിഗണനാവിഷയം - സമർത്ഥിക്കുക. 6

13. പാബ്ലോ നെരൂദയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 6

14. ശിശുസഹജമായ നിഷ്കളങ്കതയോടൊപ്പം തന്നെ ലാളിത്യമുള്ള ഭാഷയും തെളിമയുള്ള നിരീക്ഷണങ്ങളുമാണ് ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളുടെ സവിശേഷത. ഉദാഹരണസഹിതം സമർത്ഥിക്കുക. 6

## Part C (Answer any 1 question(s). Each carries 14 marks)

15. പരമ്പരാഗതസദാചാരസങ്കൽപ്പങ്ങളെ തകിടംമറിക്കുന്ന ആഖ്യാനങ്ങളാണ് ആയിരത്തൊന്ന് രാവുകളിലെ കഥകൾ - ഷഹരിയാർ രാജാവിന്റെ കഥയെ അടിസ്ഥാനമാക്കി പരിശോധിക്കുക. 14

16. ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ യാതനാനിർഭരമായ ജീവിതം 'അമ്മ' എന്ന നോവലിൽ സൂക്ഷ്മമായി ആവിഷ്കരിക്കപ്പെടുന്നുണ്ട്. ചർച്ച ചെയ്യുക. 14